"ഭരണഭാഷ — മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് — തിരുവനന്തപുരം ജില്ല — ഇടവ ഗ്രാമപഞ്ചായത്ത് — ക്ലർക്ക്- ശ്രീമതി. നീതു കൃഷ്ണ ആർ എസ് — ന് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1157/2025/LSGD തീയതി, തിരുവനന്തപുരം, 10-05-2025

പരാമർശം:— 1. ശ്രീമതി.നീതുകൃഷ്ണ ആർ എസ് സമർപ്പിച്ച 07.11.2024ലെ അവധി അപേക്ഷ

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.03.2025ലെ LSGD/PD/3151/2025-DEC3 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. നീതു കൃഷ്ണ ആർ എസ്, 06.11.2024-ന് ഓഫീസിൽ നിന്നും വീട്ടിലേയ്ക്ക് പോകുമ്പോഴുണ്ടായ വാഹനാപകടത്തിൽ പെട്ട് പരിക്കേറ്റതിനെ തുടർന്ന് ചികിത്സ തേടുകയും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി 07.11.2024 മുതൽ 04.12.2024 വരെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു. ശ്രീമതി നീതു കൃഷ്ണ. ആർ . എസ് 05.12.2024-ന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കി തിരികെ സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. നീതു കൃഷ്ണ ആർ എസ് -ന് 07.11.2024 മുതൽ 04.12.2024-വരെ KSR ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി, ഇടവ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീമതി.നീതുകൃഷ്ണ ആർ എസ്, ക്ലർക്ക്, ഇടവ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ഡയറക്ടർ. ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.73/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 12-05-2025 16:03:37